G4/81/2021/DCE (I)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 02.01.2021

**പരിപത്രം**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -covid19 -കോളേജ് വീണ്ടും തുറക്കൽ - കൂടുതൽ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- 1.സർക്കാർ ഉത്തരവ് (ആർ. റ്റി ) നമ്പർ 16.09.2020 തീയതി 23.12.2020
2.ബഹു: കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദേശം

*********

രാജ്യത്താകെ പടർന്നുപിടിച്ച കോവിഡ് 19 എന്ന മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് കോളേജുകൾ എല്ലാം അടച്ചിടേണ്ട സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ സൂചന രണ്ട് പ്രകാരം 4.1.2021 മുതൽ കോളേജുകൾ കർശന നിയന്ത്രണങ്ങളോടെ തുറന്നു പ്രവർത്തിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ദീർഘനാളത്തെ അടച്ചിടലിന് ശേഷം കോളേജുകൾ വീണ്ടും തുറക്കുന്ന സാഹചര്യത്തിലും, കോവിഡ് 19 എന്ന മഹാമാരി ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിലും, കോളേജ് കാമ്പസിൽ പ്രവേശിക്കുന്ന വിദ്യാർഥികൾക്ക് കോവിഡ് 19 വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, അത്തരം സാഹചര്യമുണ്ടായാൽ സമൂഹ വ്യാപനം തടയേണ്ടതും നമ്മുടെ പൂർണ ഉത്തരവാദിത്വം ആണ്.

ആയതിനാൽ സൂചന ഉത്തരവിനു പുറമേ താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി പാലിച്ച് കോളേജുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് സർക്കുലർ പുറപ്പെടുവിക്കുന്നു.

1.കോളേജുകളിൽ ഓരോ സ്കീമിന്റെയും ക്ലാസുകൾ ബാച്ചുകൾ ആയി വേണം നടത്തുവാൻ. അധ്യാപകർ ഒരു ദിവസം ഒന്നിൽ കൂടുതൽ ബാച്ചുകൾക്ക് ക്ലാസുകൾ കൈകാര്യം ചെയ്യാൻ പാടില്ല

2.ക്ലാസുകളിൽ വിദ്യാർത്ഥികൾക്ക് നിശ്ചിത അകലങ്ങളിൽ ആയിരിക്കണം ഇരിപ്പിടങ്ങൾ ക്രമീകരിക്കേണ്ടത്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ,ശാരീരിക അവശതകൾ ഉള്ളവർ, ക്യാൻസർ പോലുള്ള ഗുരുതര രോഗമുള്ളവർ എന്നീ വിഭാഗത്തിൽ ഉള്ള വിദ്യാർഥികൾ/അദ്ധ്യാപകർ /അനദ്ധ്യാപകർ എന്നിവർ കോളേജിൽ ഹാജരാകേണ്ടതില്ല . എന്നിരുന്നാൽ തന്നെയും ഈ വിഭാഗത്തിൽ വരുന്ന വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നഷ്ടപ്പെടാതിരിക്കാനുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ടി സാഹചര്യങ്ങളിൽ ഉള്ള അദ്ധ്യാപകർ/മറ്റ് അനദ്ധ്യാപക ജീവനക്കാർ എന്നിവർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്. കൂടാതെ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയവർ, ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കളായ അധ്യാപകർ എന്നിവർക്ക് കോളേജിൽ നേരിട്ടെത്തി ക്ലാസുകൾ എടുക്കുന്നതിനു പകരം വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്.

3.കോളേജ് പൂർണ്ണമായും ( കോളേജ് കെട്ടിടങ്ങൾ,പരിസരം, ക്ലാസ് റൂമുകൾ, ഉപകരണങ്ങൾ etc.) സാനിറ്റൈസ് ചെയ്യേണ്ടതാണ്.

4.കോളേജ് കാമ്പസുകളിലും ക്ലാസുകളിലും സാനിട്ടേഷൻ സ്പോട്ട് ക്രമീകരിക്കേണ്ടതും അവിടെ ആവശ്യമായ സാനിറ്റൈസർ, തെർമോമീറ്റർ,മാസ്ക്, ഗ്ലൗസ്സ്, ഡസ്റ്റ് ബിൻ എന്നിവ ക്രമീകരിക്കേണ്ടതാണ്.

5.എല്ലാ വിദ്യാർത്ഥികളും മാസ്കും,ഗ്ലൗസും ധരിച്ചിരിക്കേണ്ടതാണ്. തെർമൽ സ്കാനിങ്ങിന് ശേഷം മാത്രമേ വിദ്യാർഥികളും അധ്യാപകരും മറ്റു ജീവനക്കാരും കോളേജിൽ പ്രവേശിക്കാൻ പാടുള്ളൂ. തെർമൽ സ്കാനിങ് യിലെ

ടെമ്പറേച്ചർ 98.6 ൽ കൂടുതൽ വരുന്നവരെ കോളേജിൽ പ്രവേശിപ്പിക്കേണ്ടതില്ല. അത്തരം വിദ്യാർഥികളുടെയും, അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെയും വിവരങ്ങൾ അപ്പോൾ തന്നെ ചുമതലപ്പെടുത്തിയവർ പ്രിൻസിപ്പലിനെ അറിയിക്കേണ്ടതും, പ്രിൻസിപ്പലിന്റെ ചുമതലയിൽ സുരക്ഷിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതുമാണ്.

6.പനി, ജലദോഷം, ചുമ തുടങ്ങിയ രോഗങ്ങളോ രോഗലക്ഷണങ്ങളോ ഉള്ള വിദ്യാർത്ഥികളും, അധ്യാപകരും മറ്റ് അനധ്യാപക ജീവനക്കാരും കോളേജിൽ ഹാജരാകേണ്ടതില്ല. ഇത്തരം സാഹചര്യങ്ങളിൽ ഉള്ള അധ്യാപകർ/ മറ്റ് അനധ്യാപക ജീവനക്കാർ എന്നിവർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതുമാണ്.വർക്ക് ഫ്രം ഹോം അനുവദിക്കപ്പെടുന്ന ജീവനക്കാർ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ covid ടെസ്റ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്

7.എല്ലാ കോളേജുകളിലും കുറഞ്ഞത് എട്ട് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കോവിഡ് സെൽ രൂപീകരിക്കേണ്ടതും, പ്രിൻസിപ്പൽ കൂടാതെ ഒരു അധ്യാപകന് ചുമതല നൽകേണ്ടതുമാണ്. പ്രസ്തുത സെല്ലിൽ പ്രിൻസിപ്പൽ,പിടിഎ വൈസ് പ്രസിഡന്റ്, ഒരു അധ്യാപകൻ,വുമൺ സെൽ കോർഡിനേറ്റർ,വിദ്യാർത്ഥി പ്രതിനിധി,പ്രദേശത്തെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കോളേജ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വാർഡ് പ്രതിനിധി, ഓഫീസ് സീനിയർ സൂപ്രണ്ട് എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

8.എല്ലാ കോളേജുകളും സിക്ക് റൂമുകൾ ക്രമീകരിക്കേണ്ടതും ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

9.അധ്യാപകർ എടുക്കുന്ന ക്ലാസ്സുകൾ റെക്കോർഡ് ചെയ്യേണ്ടതും, അതിന്റെ വീഡിയോ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയതിനാൽ അത്തരം പാഠഭാഗങ്ങൾ ഓൺലൈൻ ക്ലാസുകൾ ആയി വീണ്ടും എടുക്കുന്നത് ഒഴിവാക്കുവാൻ സാധിക്കും.

10.കോളേജ് കാമ്പസുകളിലും, ക്ലാസുകളിലും അധ്യാപകരും വിദ്യാർത്ഥികളും കൃത്യമായും നിർബന്ധമായും ഐഡി കാർഡ് ധരിക്കേണ്ടതാണ്.

11.കോളേജുകളിൽ കോവിഡ് നിയന്ത്രണം അവസാനിക്കുന്നതുവരെ സന്ദർശകരെ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല. ഇത് സംബന്ധിച്ച് കാമ്പസ്സിൽ നോട്ടീസ് പതിക്കേണ്ടതാണ്.

12.കോളേജുകളിൽ വിസിറ്റേഴ്സ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ടി നിർദ്ദേശങ്ങൾ കോളേജിൽ കൃത്യമായി പാലിക്കുന്നതിന് പ്രിൻസിപ്പൽ വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് കൂടി എന്ന് നിർദ്ദേശിക്കുന്നു.

Approval Valid

Digitally Approved By
ഡോ. കെ.എൻ. കൃഷ്ണകുമാർ
Date: 02.01.2021
Reason: Approved

ഒപ്പ്/-
**ഡോ. കെ.എൻ. കൃഷ്ണകുമാർ**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും - എയ്ഡഡ് കോളേജുകളിൽ അറിയിക്കുന്നതിനു വേണ്ടി
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽ മാർക്കും.